I/57886/2022

**<u>സംയോജിത ശിശു സംരക്ഷണ പദ്ധതി, കേരളം</u>**

**<u>സ്റ്റേറ്റ് ചൈൽഡ് പ്രൊട്ടക്ഷൻ സൊസൈറ്റി- മെമ്പർ സെക്രട്ടറിയുടെ നടപടി ക്രമങ്ങൾ</u>**

**(ഹാജർ: പ്രിയങ്ക. ജി., IAS., ഡയറക്ടർ, വനിതാ ശിശു വികസന വകുപ്പ് )**

ഉത്തരവ് നം. - DWCD/2293/2022 - ICPS 4

തിരുവനന്തപുരം,
തീയതി. 01-09-2022

---

വിഷയം: വനിതാ ശിശു വികസന വകുപ്പ് - ICPS - വിവിധ ജില്ലകളിലെ CWC, JJB മെമ്പർമാരുടെ 2022-23 സാമ്പത്തിക വർഷത്തെ സിറ്റിംഗ് ഫീസ്/ ഹോണറേറിയം അനുവദിച്ചുത്തരവാകുന്നു.

പരാമർശം : വിവിധ ജില്ലാ ശിശു സംരക്ഷണ ഓഫീസർമാരിൽ നിന്നും ലഭിച്ച റിപ്പോർട്ട്

വനിതാ ശിശു വികസന വകുപ്പ് നടപ്പിലാക്കുന്ന സംയോജിത ശിശു സംരക്ഷണ പദ്ധതിയുടെ ജില്ലാ ഘടകങ്ങളിലെ CWC, JJB മെമ്പർമാർക്ക് 2022-23 സാമ്പത്തിക വർഷത്തെ സിറ്റിംഗ് ഫീസായി ICPS - മാർഗ്ഗനിർദ്ദേശങ്ങളുടെ അടിസ്ഥാനത്തിൽ ഒരു മീറ്റിംഗിന് 1500/- രൂപ നിരക്കിൽ തുക അനുവദിച്ച് നൽകേണ്ടതുണ്ട്.

വനിതാ ശിശു വികസന വകുപ്പ് ഡയറക്ടറുടെ പേരിലുള്ള SNA അക്കൗണ്ടിലേക്ക് ഇതിലേയ്ക്ക് ആവശ്യമായ തുക അനുവദിച്ചുത്തരവായിട്ടുണ്ട്.

2022 മാർച്ച് മുതൽ 2022 മെയ് വരെ CWC, JJB മെമ്പർമാരുടെ സിറ്റിംഗ് ഫീസ് / ഹോണറേറിയം ഇനത്തിൽ തുക അനുവദിച്ച നൽകിയതിന്റെ ധനവിനിയോഗ സാക്ഷ്യപത്രം ലഭ്യമായിട്ടുണ്ട്. 2022 ജൂൺ മുതൽ 2022 ഓഗസ്റ്റ് വരെയുള്ള സിറ്റിംഗ് ഫീസ്/ ഹോണറേറിയം ആവശ്യപ്പെട്ട് വിവിധ ജില്ലാ ശിശു സംരക്ഷണ ഓഫീസർമാർ മേൽ പരാമർശം പ്രകാരം പ്രൊപ്പോസൽ സമർപ്പിച്ചിട്ടുണ്ട്.

ഒരു ജില്ലയിലെ CWC യിൽ ഒരു ചെയർപേഴ്സണും 4 മെമ്പർമാർക്കും, JJB യിൽ 2 മെമ്പർമാർക്കുമാണ് സിറ്റിംഗ് ഫീസ്/ ഹോണറേറിയം അനുവദനീയമായിട്ടുള്ളത്. മേൽ സാഹചര്യത്തിൽ, വിവിധ ജില്ലകളിലുള്ള CWC ,JJB അംഗങ്ങൾക്ക് 2022 ജൂൺ മുതൽ 2022 ഓഗസ്റ്റ് വരെയുള്ള സിറ്റിംഗ് ഫീസിൻറെ അടുത്ത ഗഡുവായി ആകെ **20,41,500/- രൂപ (ഇരുപത് ലക്ഷത്തി നാല്പത്തി ഒന്നായിരത്തി അഞ്ഞൂറ് മാത്രം)** ചുവടെ ചേർക്കും പ്രകാരം അനുവദിച്ചുത്തരവാകുന്നു.

| Sl.no | District | CWC | JJB | Total |
|---|---|---|---|---|
| | Component Code | 10.02 | 12.02 | |
| | Amount eligible for 3 months | 4,50,000 | 1,80,000 | |
| 1 | DCPU Thiruvananthapuram | 4,50,000 | 1,80,000 | 6,30,000 |
| 2 | DCPU Kottayam | 4,33,500 | 91,500 | 5,25,000 |
| 3 | DCPU Idukki (2 month) | 3,00,000 (limited) | 54,000 | 3,54,000 |
| 4 | DCPU Ernakulam | 4,30,500 | 76,500 | 5,07,000 |
| 5 | DCPU Malappuram | | 25,500 | 25,500 |
| | Grant Total | 16,14,000 | 4,27,500 | 20,41,500 |

ടി തുക 20,41,500/- രൂപ **(ഇരുപത് ലക്ഷത്തി നാല്പത്തി ഒന്നായിരത്തി അഞ്ഞൂറ് മാത്രം)** സംയോജിത ശിശു സംരക്ഷണ പദ്ധതി Scheme Code KL 242 സ്കീമിന്റെ വനിത ശിശു വികസന ഡയറക്ടറുടെ പേരിലുള്ള SNA

അക്കൗണ്ട് ആയ IDBI Bank ന്റെ 0889104000111737 IFSC.Code.IBKL0000889 എന്ന അക്കൗണ്ടിൽ നിന്നും അതാത് ജില്ലകളിലെ ജില്ലാ വനിത ശിശു വികസന ഓഫീസറുടെ സബ്സിഡറി അക്കൗണ്ടിലേക്ക് മേൽ പട്ടിക പ്രകാരം അനുവദിക്കേണ്ടതും, വനിത ശിശു വികസന ഓഫീസർ തുക ബന്ധപ്പെട്ട ജില്ലാ ശിശു സംരക്ഷണ ഓഫീസറുടെ സബ്സിഡറി അക്കൗണ്ടിലേക്ക് അനുവദിക്കേണ്ടതും, ജില്ലാ ശിശു സംരക്ഷണ ഓഫീസർമാർ മാനദണ്ഡങ്ങൾ കർശനമായി പാലിച്ചു കൊണ്ട് തുക ബന്ധപ്പെട്ട CWC, JJB അംഗങ്ങൾക്ക് അനുവദിച്ച് നൽകേണ്ടതുമാണ്.

ജില്ലാ ശിശു സംരക്ഷണ ഓഫീസർമാർ തുക കൈപ്പറ്റിക്കൊണ്ടുള്ള രസീത്, യൂട്ടിലൈസേഷൻ സർട്ടിഫിക്കറ്റ്, എക്സ്പെൻഡിച്ചർ സ്റ്റേറ്റ്മെന്റ് എന്നിവ ഈ കാര്യാലയത്തിൽ ലഭ്യമാക്കേണ്ടതുമാണ്.

(ഒപ്പ്)

വനിതാ ശിശു വികസന ഡയറക്ടർ

ബന്ധപ്പെട്ട ജില്ലാ വനിതാ ശിശു വികസന ഓഫീസർമാർക്ക്

പകർപ്പ് :

1. സൂപ്രണ്ട് A സെക്ഷൻ (PFMS)
2. ബന്ധപ്പെട്ട ജില്ലാ ശിശു സംരക്ഷണ ഓഫീസർക്ക്
3. ICPS - 10
4. സ്റ്റോക്ക് ഫയൽ
5. വെബ് സൈറ്റ്

Signed by Priyanka G
Date: 01-09-2022 23:59:01